**കേരള സർക്കാർ**
**ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂൺ 07**
<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web:www.prd.kerala.gov.in.Email.diothrissur@gmail.com**.
<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് (ജൂൺ എട്ട്) ഗുരുവായൂരിൽ

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് (ജൂൺ എട്ട്) ഗുരുവായൂരിൽ സന്ദർശനത്തിനെത്തും. കൊച്ചിയിൽനിന്ന് രാവിലെ 9.45ന് ഹെലികോപ്റ്ററിൽ ഗുരുവായൂർ ശ്രീകൃഷ്ണ കോളജ് ഗ്രൗണ്ടിലെ ഹെലിപ്പാഡിലിറങ്ങും. 10 മണിക്ക് ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിൽ ദർശനത്തിനെത്തുന്ന പ്രധാനമന്ത്രി 11.15 വരെ ക്ഷേത്രത്തിൽ ചെലവഴിക്കും. 11.25ന് പൊതുപരിപാടിക്കായി ശ്രീകൃഷ്ണ എച്ച്.എസ്.എസിലെ ഗ്രൗണ്ടിലെത്തും. 12 മണിക്ക് പരിപാടി കഴിഞ്ഞ് 12.10ന് ഗുരുവായൂരിൽനിന്ന് ഹെലികോപ്റ്ററിൽ കൊച്ചിയിലേക്ക് പോകും. 12.40ന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തും.

## ഹെലിക്യാം, ഡ്രോൺ ഉപയോഗിക്കരുത്

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനം പ്രമാണിച്ച് ഇന്ന് (ജൂൺ എട്ടിന്) ഗുരുവായൂർ ക്ഷേത്ര പരിസരത്തും ശ്രീകൃഷ്ണ കോളജിലെ ഹെലിപ്പാഡ് പരിസരത്തും മൈക്രോ ലൈറ്റ് എയർക്രാഫ്റ്റ്, ഹാംഗ് ഗ്ലൈഡേഴ്സ്, റിമോട്ട് കൺട്രോൾ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന കളിപ്പാട്ട വിമാനം, ഹെലിക്യാം, ഡ്രോൺ തുടങ്ങിയവ ഉപയോഗിക്കുന്നത് താൽക്കാലികമായി നിരോധിച്ച് ജില്ലാ കളക്ടർ ഉത്തരവിട്ടു.

## മഴ : തൃശൂർ ജില്ലയിൽ ജൂൺ പത്തിന് റെഡ് അലേർട്ട് ; ഒൻപതിന് ഓറഞ്ച് അലർട്ട്

തൃശൂർ ജില്ലയിൽ ജൂൺ 10 ന് കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രം റെഡ് അലേർട്ട് പ്രഖ്യാപിച്ചു. ജൂൺ ഒൻപതിന് ജില്ലയിൽ ഓറഞ്ച് അലേർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്. റെഡ് അലേർട്ടും ഓറഞ്ച് അലേർട്ടും പ്രഖ്യാപിക്കപ്പെട്ട ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായതോ (115 മില്ലി മീറ്റർ വരെ) അതിശക്തമായതോ (115 മില്ലി മീറ്റർ മുതൽ 204.5 മില്ലി മീറ്റർ വരെ മഴ) ആയ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. സർക്കാർ സംവിധാനങ്ങളും പൊതുജനങ്ങളും ജാഗ്രത പാലിക്കുവാനും ക്യാമ്പുകൾ തയ്യാറാക്കുകയുൾപ്പെടെയുള്ള മുന്നൊരുക്കങ്ങൾ നടത്തുകയുമാണ് റെഡ് അലേർട്ട് കൊണ്ട് ഉദ്ദേശിക്കുന്നത്. തൃശൂർ ജില്ലയിൽ എട്ടിന് മഞ്ഞ അലേർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്. ജില്ലയിലെ ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് മഞ്ഞ അലേർട്ടിൽ പ്രവചിക്കപ്പെട്ടിരിക്കുന്നത്.

ജൂൺ 11ന് എറണാകുളം, മലപ്പുറം, കോഴിക്കോട് ജില്ലകളിലും റെഡ് അലേർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ജൂൺ ഒമ്പതിന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിലും 10ന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, മലപ്പുറം, കോഴിക്കോട് ജില്ലകളിലും 11ന് കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിലും കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രം 'ഓറഞ്ച്' അലേർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ജൂൺ എട്ടിന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിലും, ഒമ്പതിന് പത്തനംതിട്ട, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലും 10ന് കോട്ടയം, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിലും 11 ന് വയനാട് ജില്ലയിലും മഞ്ഞ അലേർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

## നിപ : പുതിയ കേസുകളില്ല

നിപ രോഗിയുമായി സമ്പർക്കത്തിലേർപ്പെട്ടിട്ടുള്ള പുതിയ കേസുകൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് തൃശൂർ ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

നിരീക്ഷണത്തിലുള്ളവർക്കാർക്കും തന്നെ ആശങ്കാജനകമായ ലക്ഷണങ്ങളൊന്നും തന്നെ നിലവിലില്ലയെന്നും അറിയിച്ചു.

## വിദ്യാഭ്യാസ ഗ്രാന്റ് :
## അപേക്ഷ ക്ഷണിച്ചു

തൊഴിലാളി ക്ഷേമനിധി ബോർഡിൽ വരിക്കാരായ തൊഴിലാളികളുടെ മക്കൾക്ക് ഈ അധ്യയന വർഷത്തേയ്ക്കുള്ള ഉന്നത വിദ്യാഭ്യാസ ഗ്രാന്റിന് അപേക്ഷ ക്ഷണിച്ചു. ഈ അധ്യയന വർഷത്തിൽ 8, 9, 10, എസ് എസ് എൽ സി ക്യാഷ് അവാർഡ്, പ്ലസ് വൺ/ ബിഎ/ ബികോം/ ബിഎസ്സി/ എംഎ/ എംകോം/ എംഎസ്ഡബ്ല്യൂ/ എംഎസ്സി/ ബി എഡ്/ എഞ്ചിനീയറിങ്ങ്/ എംബിബിഎസ്/ ബിഡിഎസ്/ ഫാംഡി/ ബിഎസ്സി നേഴ്സിങ്ങ്/ പ്രൊഫഷണൽ പിജി കോഴ്സുകൾ/ പോളിടെക്നിക്ക് ഡിപ്ലോമ/ ടിടിസി/ ബിബിഎ/ നഴ്സിങ്ങ് ഡിപ്ലോമ/ പാരാമെഡിക്കൽ കോഴ്സ്/ എംസിഎ/ എംബിഎ/ പിജിഡിസിഎ/ ലാറ്ററൽ എൻട്രി അഗ്രിക്കൾച്ചറൽ/ വെറ്റിനറി/ ഹോമിയോ/ ബിഫാം/ ആയുർവേദം/ എൽഎൽബി (3 വർഷം, 5 വർഷം)/ ഫിഷറീസ്/ ബിസിഎ/ ബിഎൽഐഎസി/ എച്ച്ഡിസി ആൻഡ് ബിഎം/ ഹോട്ടൽ മാനേജമെന്റ്/ സിഎ ഇന്റർമീഡിയേറ്റ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർ യോഗ്യത കോഴ്സിനുള്ള സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം അപേക്ഷിക്കണം. അപേക്ഷയോടൊപ്പം നിർബന്ധമായും കുട്ടിയുടെയോ പദ്ധതിയിൽ അംഗമായ തൊഴിലാളികളുടെയോ പേരിലുള്ള ബാങ്ക് അക്കൗണ്ട് നമ്പർ, ഐഎഫ്എസി കോഡ്, ടെലിഫോൺ നമ്പർ എന്നിവ ചേർക്കണം. അവസാന തീയതി ഓഗസ്റ്റ് 30. അപേക്ഷ ജില്ലാ ലേബർ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർമാരുടെ ഓഫീസിൽ നൽകണം. മുൻ അധ്യയന വർഷങ്ങളിൽ ഗ്രാന്റ് ലഭിച്ചിട്ടുള്ളവർ ഗ്രാന്റ് പുതുക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട ജില്ലാ ലേബർ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർമാരുടെ കാര്യാലയങ്ങളിൽ നൽകണം. അപേക്ഷ ഫോറം തപാൽ മാർഗ്ഗം ആവശ്യമുള്ളവർ സ്വന്തം മേൽവിലാസമെഴുതി അഞ്ച് രൂപ സ്റ്റാമ്പ് പതിച്ച 22 10 സെന്റിമീറ്റർ വലിപ്പമുള്ള കവർ സഹിതം അപേക്ഷിക്കുക. സമയപരിധി കഴിഞ്ഞ് ലഭിക്കുന്നതും നേരിട്ട് ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണറുടെ കാര്യാലയത്തിലേക്ക് അയ്ക്കുന്നതുമായ അപേക്ഷ പരിഗണിക്കില്ല.

## ലാപ്ടോപ്പ് : അപേക്ഷ ക്ഷണിച്ചു

2018-19 വർഷത്തെ പട്ടികജാതി വികസന വകുപ്പിന്റെ ലാപ്ടോപ്പ് ധനസഹായ പദ്ധതി പ്രകാരം അപേക്ഷ ക്ഷണിച്ചു. മൂന്ന്, നാല്, അഞ്ച് വർഷങ്ങളിൽ പിഎച്ച്ഡി ചെയ്യുന്നവരും ഈ വകുപ്പിൽ നിന്നോ മറ്റ് ഏജൻസികൾ വഴിയോ ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം കൈപ്പറ്റിയിട്ടില്ലാത്തതുമായ എസ് സി വിഭാഗത്തിൽപ്പെടുന്ന വിദ്യാർഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് 25000 രൂപ അനുവദിക്കും. ഇ-ഗ്രാൻഡ്സ് ആനുകൂല്യം ലഭിക്കുന്ന വിദ്യാർഥികൾ ലാപ്ടോപ്പ് വാങ്ങിയതിന്റെ അസ്സൽ ബില്ല്, ജാതി സർട്ടിഫിക്കറ്റ്, ലാപ്ടോപ്പ് വാങ്ങുന്നതിനായുള്ള ആനുകൂല്യം ലഭ്യമായിട്ടില്ലെന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നമുള്ള സാക്ഷ്യപത്രം, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം സ്ഥാപനമേധാവി മുഖേന ജൂൺ 25 നകം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നൽകണം. ഫോൺ : 0487-2360381.

## വിദ്യാഭ്യാസാനുകൂല്യം :
## വിവരങ്ങൾ ലഭ്യമാക്കണം

ജില്ലയിലെ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ്, സിബിഎസ്സി, ഐസിഎസ്ഇ അഫിലിയേറ്റഡ് സ്കൂളുകളിൽ ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒഇസി വിദ്യാഭ്യാസാനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ സ്കൂൾ അധികൃതർ www.egrantz.kerala.gov.in എന്ന ഇ-ഗ്രാന്റ്സ് പോർട്ടിലൂടെ ഓൺലൈനായി ജൂൺ 10 നകം പിന്നാക്ക വിഭാഗ വകുപ്പിന് ലഭ്യമാക്കണം. അർഹരായ തുക വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യും. www.bcdd.kerala.gov.in എന്ന വെബ്സൈറ്റിലും

പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ : 0495-2377786.

## കരാർ നിയമനം

ഔഷധസസ്യ ബോർഡിന്റെ തൃശൂർ ഓഫീസിലേക്ക് കൺസൽട്ടന്റ് (ഫിനാൻസ് ആൻഡ് അഡ്മിനിസ്ട്രേഷൻ), അക്കൗണ്ടന്റ് എന്നീ തസ്തികളിൽ കരാർ നിയമനം നടത്തുന്നു. താൽപര്യമുള്ളവർ പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം അപേക്ഷ ജൂൺ 20 നകം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സംസ്ഥാന ഔഷധസസ്യ ബോർഡ്, ഷൊർണ്ണൂർ റോഡ്, തൃശൂർ 22 എന്ന വിലാസത്തിൽ നൽകണം. വിശദവിവരങ്ങൾ www.smpbkerala.org എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ : 0487-2323151.

## ടെണ്ടർ

വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള ചാവക്കാട് ശിശുവികസന പദ്ധതി ഓഫീസിന്റെ ആവശ്യത്തിനായി 2019-20 സാമ്പത്തിക വർഷത്തിൽ വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 21 ഉച്ച ഒരു മണി. ഫോൺ : 0487-2507707.

## അക്വാകൾച്ചർ പ്രമോട്ടർ നിയമനം

ഫിഷറീസ് വകുപ്പ് താൽക്കാലിക അടിസ്ഥാനത്തിൽ അക്വാകൾച്ചർ പ്രമോട്ടർമാരെ നിയമിക്കുന്നു. ഫിഷറീസിൽ വിഎച്ച്എസ്ഇ, ഫിഷറീസ്/സുവോളജി ബിരുദം, എസ്എസ്എൽസിയും ഫിഷറീസ് വകുപ്പിലോ അക്വാകൾച്ചർ മേഖയിലോ പ്രവൃത്തിപരിചയം എന്നിവയിൽ ഏതെങ്കിലുമുള്ളവർക്ക് അപേക്ഷിക്കാം. പ്രായം 20 നും 56 നും മദ്ധ്യേ. താൽപര്യമുള്ളവർ പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതമുള്ള അപേക്ഷ ജൂൺ 14 നകം പള്ളിക്കുളത്തുള്ള ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കാര്യാലയത്തിൽ നൽകണം. ഫോൺ : 0487-2441132, 2421090.

## താൽക്കാലിക നിയമനം

പീച്ചി കേരള വനഗവേഷണസ്ഥാപനത്തിൽ പ്രോജക്ട് ഫെല്ലോ, പ്രോജക്ട് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ താൽക്കാലിക നിയമനം നടത്തുന്നു. കെമിസ്ട്രി, അനലറ്റിക്കൽ കെമിസ്ട്രി, ബയോകെമിസ്ട്രി എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ബിരുദാനന്തര ബിരുദമാണ് പ്രോജക്ട് ഫെല്ലോയുടെ യോഗ്യത. ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസിൽ ബിരുദാനന്തര ബിരുദമാണ് പ്രോജക്ട് അസിസ്റ്റന്റിന്റെ യോഗ്യത. പ്രായം 2019 ജനുവരി ഒന്നിന് 36 വയസ്സ് കവിയരുത്. പിന്നോക്ക വിഭാഗക്കാർക്ക് നിയമാനുസൃത ഇളവ് ലഭിക്കും. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം രാവിലെ 10 ന് പീച്ചി ഓഫീസിൽ അഭിമുഖത്തിന് എത്തണം. ജൂൺ 17 നാണ് പ്രോജക്ട് ഫെല്ലോയുടെ അഭിമുഖം. ജൂൺ 21 നാണ് പ്രോജക്ട് അസിസ്റ്റന്റിന്റെ അഭിമുഖം. ഫോൺ : 0487-2690100.

## ചാർട്ടേഡ് അക്കൗണ്ടന്റ് നിയമനം

തൃശൂർ ജില്ലാ ദാരിദ്ര്യലഘൂകരണ വിഭാഗം ചാർട്ടേഡ് അക്കൗണ്ടന്റ് തസ്തികയിൽ നിയമനം നടത്തുന്നു. താൽപര്യമുള്ളവർ ജൂൺ 12 നകം അപേക്ഷ പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യലഘൂകരണ വിഭാഗം, ജില്ലാ പഞ്ചായത്ത് കെട്ടിടം, അയ്യന്തോൾ, തൃശൂർ എന്ന വിലാസത്തിൽ നൽകണം. ഫോൺ : 0487-2365720.

## ക്വട്ടേഷൻ

വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള പഴയന്നൂർ ശിശുവികസന പദ്ധതി ഓഫീസിന്റെ ആവശ്യത്തിനായി 2019-20 സാമ്പത്തിക വർഷത്തിൽ വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 20 ഉച്ചയ്ക്ക് രണ്ട് മണി. ഫോൺ : 04884-250527.

## നിപ : ബോധവൽക്കരണ ക്ലാസ്സ് നടത്തി

യുവജനക്ഷേമബോർഡ് ജില്ലാ യുവജന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതി വാരാചരണത്തോടനുബന്ധിച്ച് നിപ വൈറസ് സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സും ജില്ലാ മാനസിക ആരോഗ്യ കേന്ദ്രം ശുചീകരണപരിപാടിയും സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എൻ കെ ഉദയപ്രകാശ് പരിപാടി ഉദ്ഘാടനം ചെയ്തു. യുവജനക്ഷേമബോർഡംഗം അഫ്സൽ കുഞ്ഞുമോൻ അദ്ധ്യക്ഷത വഹിച്ചു. ആർഎംഒ ഡോ. ലക്ഷ്മി ബോധവൽക്കരണ ക്ലാസ്സ് നയിച്ചു. ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ പി ആർ ശ്രീകല, ജില്ലാ കോർഡിനേറ്റർ ഒ എസ് സുബീഷ്, വിവിധ പഞ്ചായത്ത് കോർഡിനേറ്റർമാർ, യുവ-യൂത്ത് ക്ലബ് അംഗങ്ങൾ എന്നിവർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുത്തു.

## അദ്ധ്യാപക നിയമനം

അയ്യന്തോൾ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ ബോട്ടണി സീനിയർ ലക്ചറർ തസ്തികയിൽ നിയമനം നടത്തുന്നു. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ജൂൺ 11 രാവിലെ 10.30 ന് സ്കൂൾ ഓഫീസിൽ അഭിമുഖത്തിന് എത്തണം. ഫോൺ : 0487-2363437.

## താൽക്കാലിക നിയമനം

മേലഡൂർ ഗവ. സമിതി സ്കൂൾ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഇംഗ്ലീഷ്, ഇക്കണോമിക ്സ് വിഭാഗത്തിൽ താൽക്കാലിക അടിസ്ഥാനത്തിൽ അദ്ധ്യാപക നിയമനം നടത്തുന്നു. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ജൂൺ 10 രാവിലെ 11 ന് അഭിമുഖത്തിന് എത്തണം. ഫോൺ : 0480-2773500.

## വിദേശജോലി തട്ടിപ്പ് : നാലാഴ്ചക്കകം നടപടി വേണം

വിദേശത്ത് ജോലി വാങ്ങി നൽകാമെന്ന് പറഞ്ഞ് പണം ഈടാക്കിയ ശേഷം വഞ്ചിച്ച സംഭവത്തിൽ സംസ്ഥാന പോലീസ് മേധാവി വിഷയത്തിൽ ഇടപെട്ട് യഥാർത്ഥ കുറ്റവാളികളെ നിയമത്തിന് മുന്നിലെത്തിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം പി. മോഹനദാസ് ആവശ്യപ്പെട്ടു. നാലാഴ്ചയ്ക്കകം നടപടി സ്വീകരിക്കണം. സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭിച്ചശേഷം കേസ് തൃശൂരിൽ നടക്കുന്ന സിറ്റിങ്ങിൽ പരിഗണിക്കും. ചാലക്കുടി കോടശ്ശേരി സ്വദേശി ടിജോ പോൾ നൽകിയ പരാതിയിലാണ് നടപടി. തിരുവനന്തപുരം സ്വദേശി അഹമ്മദ് കബീർ, ഭാര്യ അസ്നാകബീർ, കോട്ടയം ടി.ബി. റോഡിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനത്തിന്റെ മാനേജർ മുഹമ്മദ് ആഷിക്, രഞ്ജിത്ത് എന്നിവർ ചേർന്ന് കാനഡയിൽ ജോലി വാങ്ങി നൽകാമെന്ന് പറഞ്ഞ് 460000 രൂപ വാങ്ങിയ ശേഷം വഞ്ചിച്ചെന്നാണ് പരാതി. പോലീസിൽ പരാതി നൽകിയെങ്കിലും നടപടിയെടുക്കാത്തതിനെ തുടർന്ന് ചാലക്കുടി ഫസ്റ്റ്ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ പരാതിക്കാരൻ കേസ് ഫയൽ ചെയ്തു.

സംഭവം അന്വേഷിക്കാൻ കോടതി നിർദ്ദേശിച്ചിട്ടും യഥാർത്ഥ പ്രതികളെ അറസ്റ്റ് ചെയ്യാൻ പോലീസ് വൈമുഖ്യം കാണിക്കുകയാണെന്ന് പരാതിയിൽ പറയുന്നു. എതിർകക്ഷികൾ 50 ലധികം വ്യക്തികളിൽ നിന്നും വിദേശജോലി വാഗ്ദാനം ചെയ്ത് പണം വാങ്ങി വഞ്ചിച്ചിട്ടുള്ള തായും പരാതിയിൽ പറയുന്നു.

## ജില്ലാതല സംഗമം ഇന്ന്

തൃശൂർ ജില്ലയിൽ വായനശാലകളുടെ ഭാഗമായി പ്രവർത്തിച്ചു വരുന്ന വനിതാവേദി പ്രവർത്തകരുടെ ജില്ലാതല സംഗമം ഇന്ന് (ജൂൺ എട്ട്) ഉച്ചക്ക് രണ്ട് മണിക്ക് തൃശൂർ ഗവ. മോഡൽ ഗേൾസ് ഹൈസ്കൂളിൽ നടക്കും. ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് മുരളി പെരുനെല്ലി എംഎൽഎ ഉദ്ഘാടനം ചെയ്യും. ജില്ലാ വനിതാ സബ് കമ്മിറ്റി കൺവീനർ വി കെ ഹാരിഫാബി, എഴുത്തുകാരി കെ രമ, ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി കെ എൻ ഹരി, ലൈബ്രറി കൗൺസിൽ സ്റ്റേറ്റ് എക്സി കമ്മിറ്റി അംഗം ടി കെ വാസു, പി തങ്കം, ടി ബി ശാലിനി തുടങ്ങിയവർ പങ്കെടുക്കും.

## പമ്പാമണൽ ഇ-ലേലം ചെയ്യുന്നു

ആഗസ്റ്റിലുണ്ടായ പ്രളയത്തെ തുടർന്ന് പമ്പാനദിയിൽ അടിഞ്ഞുകൂടിയതും പ്ലാപ്പള്ളി ഫോറസ്റ്റ് സ്റ്റേഷനിലെ പമ്പ ഹിൽടോപ്പ്, ചക്കുപാലം എന്നീ സ്ഥലങ്ങളിൽ ശേഖരിച്ചിരിക്കുന്നതുമായ മണലിന്റെ ഇ-ലേലം ജൂൺ 26, ജൂലായ് 4, 18, ആഗസ്റ്റ് 1 എന്നീ തീയതികളിൽ നടക്കും. 1000 ക്യുബിക് മീറ്റർ മണൽ വീതമുള്ള 60 ലോട്ടുകളിലായാണ് ലേലം നടക്കുക. കൂടുതൽ വിവരങ്ങൾ www.mstcecommerce.com എന്ന വെബ് സൈറ്റിൽ ലഭിക്കും. ഫോൺ : 04735-227558 (റാന്നി വനം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്), 04735-279063(ഗൂഡ്രിക്കൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്).

## ലേലം

കോടതി കുടിശ്ശിക ഈടാക്കുന്നതിന് കൊണ്ടാഴി വില്ലേജ് സർവെ 345/2 ൽ ഉൾപ്പെട്ട 0.2307 ഹെക്ടർ സ്ഥലത്തു നിന്നും 0.0405 ഹെക്ടർ സ്ഥലം ജൂൺ 27 രാവിലെ 11 ന് കൊണ്ടാഴി വില്ലേജ് ഓഫീസിൽ ലേലം ചെയ്യും. ഫോൺ : 04884-232226.

## താൽക്കാലിക നിയമനം

മൃഗസംരക്ഷണ വകുപ്പിന് കീഴിൽ രാത്രികാല അത്യാഹിത മൃഗചികിത്സ സേവനം നൽകുന്നതിനായി വെറ്ററിനറി സർജൻ, അറ്റന്റന്റ് എന്നിവരെ നിയമിക്കുന്നു. വെറ്ററിനറി സയൻസ് ബിരുദവും കൗൺസിൽ രജിസ്ട്രേഷനുമാണ് സർജന്റെ യോഗ്യത. എഴാം തരവും മൃഗപരിപാലന മുൻപരിചയമാണ് അറ്റന്റന്റിന്റെ യോഗ്യത. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ജൂൺ 14 ന് തൃശൂർ സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ അഭിമുഖത്തിന് എത്തണം. അറ്റന്റന്റിന്റെ അഭിമുഖം രാവിലെ 10 നും സർജന്റെ അഭിമുഖം രാവിലെ 11.30 നുമാണ്. ഫോൺ : 0487-2361216.